# എച്ച്.എസ്. എസ്. കുത്തനൂർ




സോപാനം -

# സോപാനം



## എച്ച് എസ് എസ്

## കുത്തനൂർ




# ദീപമേ നയിച്ചാലും




സോപാനം -

# സന്ദേശം

കലാ പാരമ്പര്യത്തിന്റെയും നന്മയുടെയും വിളനിലമായ കുത്തനൂരിനെ വിദ്യാഭ്യാസവും സാംസ്കാരികവുമായ ഉയർച്ചയിലേക്ക് എത്തിക്കുകയെന്ന ലക്ഷ്യത്തോടെ ഈ സരസ്വതി ക്ഷേത്രത്തിന് ജന്മം നൽകി നയിച്ച ഞങ്ങളുടെ സ്ഥാപക മാനേജറും മുൻ ഹെഡ്മാസ്റ്ററുമായ അഭിവാദ്യനായ ദാമോദരൻ നായർ മാസ്റ്ററുടെ പുണ്യപാവനസ്മൃതിയ്ക്കു മുൻപിൽ ഈ എളിയ സംരംഭം സമർപ്പിക്കുന്നു.

# പത്രാധിപ സമിതി





**Suma Kalathiyath**

**Staff editor**

**Satheeshkumar.P.C**

**Staff editor**

## STUDENT EDITORS



**Krishna Sunil**







**Swaliha**

**Sana**

**Shahma**



## MESSAGE

K. GOPAKUMAR
SCHOOL MANAGER

I am glad to know that little kites of our school is bringing out a Digital Magazine "SOPANAM" on 19 January 2019. I offer my gratitude to students and faculties behind this. My best wishes for the tremendous victory of the digital magazine.

Kuthanur
19.01.2019

Higher Secondary School Kuthanur

GOPAKUMAR. K.
MANAGER
HIGHER SECONDARY SCHOOL
KUTHANUR

# ഉള്ളടക്കം


| | | Page No |
|---|---|---|
| 1. | ആശംസ - എച്ച് എം | 8 |
| 2. | ആമുഖം - എസ് ഐ ടി സി | 9 |
| 3. | കാണാമറയത്ത് | 10 |
| 4. | സംഭാഷണം | 12 |
| 5. | പൂമ്പാറ്റ | 14 |
| 6. | അവസാനത്തെ മിഴികൾ | 15 |
| 7. | തിത്തിത്തെയ് | 25 |
| 8. | സ്നേഹത്തിന്റെ വില അറിയുമ്പോഴേക്കും നഷ്ടപ്പെട്ടുപോയത് | 26 |
| 9. | വരകളുടെ ജാലകം | 28 |


♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠♠



# ആശംസ

ലിറ്റിൽ കൈറ്റിൽ അംഗങ്ങളായ ഞങ്ങളുടെ കുട്ടികൾ നേടിയ ഐ ടി പരിജ്ഞാനം ഉപയോഗിച്ച് നിർമ്മിച്ചതാണ് ഈ പതിപ്പ് .സ്കൂളിലെ പ്രതിഭാധനരായ എല്ലാ കുട്ടികളുടെയും സൃഷ്ടികൾ ഉൾകൊള്ളിച്ച കൊണ്ട് കൈറ്റിലെ കുട്ടികൾ നിർമ്മിച്ച ഈ പതിപ്പ് നല്ലൊരു സംരംഭമാകട്ടെ എന്ന് ആശംസിക്കുന്നു

സ്ഥലം :കുത്തനൂർ

തീയ്യതി: 16/1/2019

എച്ച് എം

എച്ച് എസ് എസ് കുത്തനൂർ



# ആമുഖം

ലിറ്റിൽ കൈറ്റ് അംഗങ്ങൾ പഠിച്ചെടുത്ത സാങ്കേതീക വിദ്യകൾ ഉപയോഗപ്പെടുത്തി നിർമ്മിച്ച പതിപ്പിൽ കൈറ്റിൽ അംഗങ്ങളെല്ലാത്തവരുടെയും രചനകൾ ഉൾച്ചേർത്തിട്ടുണ്ട് കഥകൾ, കവിതകൾ,,ചിത്രങ്ങൾ തുടങ്ങിയ രചനകൾ ചേർത്തുള്ള ഈ പതിപ്പ് കുട്ടികളുടെ പരിശ്രമത്തിന്റെയും കഴിവിന്റെയും വെളിപ്പെടുത്തലാണ്.

സ്ഥലം :കുത്തനൂർ ബിന്ദു എം എസ്

തീയ്യതി: 16/1/2019 എസ് ഐ ടി സി

*സോപാനം -*

# കാണാമറയത്ത്_ **by** _Sathesh kumar.P.C

**ഞാൻ വന്നു നിന്നു നടന്നോരു കാഴ്ചയിൽ**

**ദൂരേ... അങ്ങകലേയായ് മുങ്ങി താഴുമാറ് ആദിത്യൻ**

**കാണുവാൻ കാഴ്ചയ്ക്ക് രസമുള്ളതാകിലും**

**എൻ മനമെന്തോ വിങ്ങലിൻ മൂടിയോ ?**

**നാളേക്ക് തിരികേ വരുമെന്നറിവിലും**

**ഇന്നേക്ക് മായാതെ നിൽക്കില്ലെന്നാകിലും**

**വെറുതെ തുടിക്കുന്ന എൻമനനൊമ്പരം**

**മുൾ പൂവായ് പൊട്ടി വിടർന്നീടുമീക്ഷണം**

**നാളേക്ക് കാഴ്ചയിൽ ആദ്യമായ് കാണുവാൻ**

**ഇന്നു നിന്നേടത്തു നിന്നു തിരിയണം**

**അല്ലാതെ വരികയിൽ വീണ്ടുമാക്കാഴ്ചയ്ക്ക്**

**ആ സുഖം നൽകീടുവാൻ ആകില്ലെന്നുവരാം**

*സോപാനം -*

ആ കാഴ്ചവീണ്ടുമീ കൺമുന്നിലെത്തുവാൻ
അരനാൾ കഴിയണം അതു വരെ കാക്കണം
നാളേക്ക് കാണുന്ന കാഴ്ചയിന്നോർക്കുമ്പോൾ
ഇന്നു മറയുന്നു വിങ്ങൽ ഒഴുകുന്നു
നുറുങ്ങുമെൻ ഹൃദയത്തിൽ നൊമ്പരപ്പൂക്കൾതൻ
ഇതളുകൾ വാടി കരിഞ്ഞിടുമീ ഞൊടിയിൽ
എന്നാലോ നാളെയാകാഴ്ചയ്ക്ക് കൊതിക്കുമ്പോൾ
വാടിയ ഇതളുകൾ വിരിഞ്ഞു വിടരുന്നു.
എന്നുമെൻ ഉള്ളിലെ നൊമ്പരം തീർക്കുവാൻ
എന്നുമേ മുന്നിലായ് നിൽപവൻ ആദിത്യൻ
കാണാമറയത്തു ചെന്നുവെന്നാകിലും എന്നുളളിൽ
ജ്വലിച്ചങ്ങു നിൽപവൻ .ഞാൻ വന്നു നിന്നു
നടന്നൊരു കാഴ്ചയിൽ എന്നരുകിൽ, എന്നുള്ളിൽ
എന്നും ജ്വലിപവൻ അവൻ ആദിത്യൻ.........

സോപാനം -

# സംഭാഷണം

നന്ദു :ഹായ് ചിന്നു!നീ വേലയ്ക്ക വന്നതാണോ? നിന്നെ
കണ്ടതിൽ വളരെ സന്തോഷമുണ്ട് കെട്ടോ.

ചിന്നു:ഹായ്..........ഞാൻ വേലയ്ക്കവന്നതാണ്. നമ്മൾ രണ്ടാളും
ഒരേ സമയത്ത് ഇവിടെ എത്തിയല്ലോ ഭാഗ്യം .

നന്ദു : നമ്മുടെ ഭാഗ്യം തന്നെയാ....വാ നമ്മുക്ക് ഊഞ്ഞാലാടാം.

ചിന്നു:ഊഞ്ഞാലൊക്കെയാടാം പക്ഷേ ഊഞ്ഞാലെവിടെ ഞാൻ
കണ്ടില്ല?

നന്ദു: അയ്യോ വയ്യ. നിന്റെ പുറകിൽ പിന്നെ എന്താ?

ചിന്നു: അയ്യോ ഞാൻ ഇത് കണ്ടില്ല.നിന്റെ കയ്യിൽ കാശുണ്ടോ

നന്ദു:അതിനെന്താ എന്തുവേണം നമ്മുക്ക് വാങ്ങാം .ന്റ്

നന്ദു :ഹായ് ചിന്നു!നീ വേലയ്ക്ക വന്നതാണോ? നിന്നെ
കണ്ടതിൽ വളരെ സന്തോഷമുണ്ട് കെട്ടോ.

സോപാനം -

ചിന്നു:ഹായ്..........ഞാൻ  വേലയ്ക്കുവന്നതാണ്. നമ്മൾ രണ്ടാളും
ഒരേ സമയത്ത്  ഇവിടെ എത്തിയല്ലോ ഭാഗ്യം .

നന്ദു  : നമ്മുടെ ഭാഗ്യം തന്നെയാ....വാ നമ്മുക്ക് ഊഞ്ഞാലാടാം.

ചിന്നു:ഊഞ്ഞാലൊക്കെയാടാം  പക്ഷേ ഊഞ്ഞാലെവിടെ  ഞാൻ
കണ്ടില്ല?

നന്ദു: അയ്യോ  വയ്യ.  നിന്റെ  പുറകിൽ പിന്നെ എന്താ?

ചിന്നു: അയ്യോ  ഞാൻ ഇത് കണ്ടില്ല.നിന്റെ  കയ്യിൽ കാശുണ്ടോ




സോപാനം -

# പൂമ്പാറ്റ



പൂമ്പാറ്റേ നല്ല പൂമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ
പൂന്തേൻ നുകരും പൂമ്പാറ്റേ
പാറി പാറി നടക്കും നീ
പറവകൾ പോലെ ഇരിക്കും നീ
ചിറകുകൾ വീശി പറക്കും നീ
മാനത്തുടെ പറന്നീടാൻ
എന്നെക്കുടെ കുട്ടാമോ
പൂമ്പാറ്റേ നല്ല പുമ്പാറ്റേ
പൂവിലിരിക്കും പൂമ്പാറ്റേ

-കെ.കെ.നന്ദഗോപൻ

# അവസാനത്തെ മിഴികൾ

പച്ച പുല്ലുകളിലൂടെ നടന്നു പോവുകയായിരുന്ന രാമൻകുട്ടി മേനോൻ താഴെ എന്തൊക്കയൊ പെറുക്കുകയായിരുന്നു. രാമൻകുട്ടി മേനോന്റെ മകന്റെ കുട്ടി ചിന്നു എട്ട് വയസ്സ് , മുത്തച്ഛാ വിളിച്ച് ഓടിവ്ന്നു. രാമൻകുട്ടി അവളെ എടുത്തു. എന്തിനാ ഈ മഴക്കാലത്ത് വെളിയിലേക്ക് ഇറങ്ങിയത്. എനിക്ക് വീടിന്റെ അകത്ത് ഇരിക്കാൻ തോന്നീല അതുകൊണ്ടാ മുത്തച്ഛന്റെ അടുത്തേക്ക് വന്നത്. എന്താ മുത്തച്ഛൻ ഇവിടെ ചെയ്യുന്നത്. മോളിവിടെ കണ്ടില്ലെ പ്ലാസ്റ്റിക്ക് കിടക്കുന്നത്. ഇതിലൂടെ നമ്മുടെ ഭൂമിക്ക് വളരെ അധികം പ്രശ്ണങ്ങൾ ഉണ്ടാകും. എനിക്ക് പറ്റുന്ന പ്ലാസ്റ്റിക്ക് എന്റെ പരിസരത്ത് നിന്നു മാറ്റാം. അതുകൊണ്ടാണ് ഞാൻ ഇത് പെറുക്കുന്നത്. മുത്തച്ഛാ മുത്തച്ഛന്റെ കാലത്ത്

ഇതുപോലെ പ്ലാസ്റ്റിക്ക് പെറുക്കി കളയുമൊ? മോളെ അന്നത്തെ കാലത്ത് ഇതുപോലെ പ്ലാസ്ററിക്ക് അധികം ഉണ്ടായിരുന്നില്ല. ഇപ്പോഴത്തെ എല്ലാ വസ്തുക്കൾക്കും പ്ലപ്ലാസ്ററിക്ക് ഉപയോകിക്കേണ്ടിവരുന്നു. പേനമുതൽ ഭക്ഷ്യ വസ്സ്തുക്കൾ വരെ എത്തിയിരിക്കുന്നു. പണ്ട് എല്ലാം നമ്മുടെ വീട്ടിൽ തന്നെ ഉണ്ടാക്കുമായിരുന്നു അതുമാത്രമല്ല പണ്ടുള്ള ആളുകൾ നല്ലോണം അദ്വാനിക്കുമായിരുന്നു. അതുകൊണ്ട് അവർക്ക് അസുഖങ്ങളൊന്നും വരില്ല. മോളെ ചിന്നു മഴ വരാറായി എന്ന് തോന്നുന്നു വീട്ടിലേക്ക് പോകാം. രാമൻകുട്ടി മേനോൻ ടി.വി യിൽ വാർത്ത കാണുകയാണ്. അയാളുടെ മനസ്സ് ഒന്ന് നൊന്തു. കുറേ ആളുകൾ മരണപ്പെട്ടുകൊണ്ടിരിക്കുന്നു ഒരുതരം രോഗം. അന്നൊന്നും ഇത്രയും രോഗങ്ങൾ ഉണ്ടായിരുന്നില്ല. അതെല്ലാം ഓർത്ത് അയാൾ ഒന്ന് മയങ്ങി. പെട്ടെന്ന് ഇടിമിന്നൽ

കേട്ട് ഞെട്ടി എഴുന്നേറ്റു. കരണ്ടും പോയി അയാൾ ഉമ്മുറത്ത് പോയി നിന്നു. എന്നിട്ട് കൈകൾ പുറത്തേക്കിട്ടു, അയാളുടെ കൈകളിലൂടെ തണുപ്പ് കയറി. രാമൻകുട്ടി മേനോൻ സന്തോഷിച്ചു. കുറേ കഴിഞ്ഞപ്പോൾ ഭയങ്കരമായ കാറ്റടിച്ചു. അയാൾ ഉള്ളിലേക്ക് പോയി കുറേ കഴിഞ്ഞപ്പോൾ രാമൻകുട്ടി ഒരു കരച്ചിൽ കേട്ടു. ജനാലയിലൂടെ നോക്കിയപ്പോൾ ആരേയും കണ്ടില്ല. അയാൾ കിടന്നു ശക്തമായ കാറ്റും ,തണുപ്പും ഉണ്ടായിരുന്നു. അയാൾ പുതപ്പ് മൂടിപുതച്ച് കിടന്നു. കുറച്ച് കഴിഞ്ഞപ്പോൾ ഒരു കരച്ചിൽ കേട്ടുകൊണ്ടിരുന്നു. രാമൻകുട്ടി ടോർച്ചടിച്ചു നോക്കി ആരെയും കണ്ടില്ല അയാൾ വാതിൽ തുറന്ന് പുറത്തേക്ക് നടന്നു . അപ്പോഴും ആ കരച്ചിൽ ശക്തമായി കേട്ടുകൊണ്ടിരുന്നു. അയാൾ കുടയെടുത്ത് പുറത്തേക്ക് ഇറങ്ങി.

ആരൊ തന്നോട് എന്തൊക്കെയൊ സംസാരിക്കുന്നത് പോലെ തോന്നി. അയാൾ

അയാളുടെ പൂന്തോട്ടത്തിലേക്ക് പോയി. അയാൾ പൂക്കളിലേക്ക് നോക്കിയപ്പോൾ ഒരു വാകത്തൈ കണ്ടു. രാമൻകുട്ടി കുറച്ച് ദിവസത്തിന് മുമ്പ് ടൗണിലേക്ക് പോയപ്പോൾ വഴിയോരത്ത് നിന്ന് ഒരു വാകത്തൈ കിട്ടി. അതയാൾ വീട്ടിൽ കൊണ്ടുവന്ന് കുഴിച്ചിട്ടിരുന്നു. ഇപ്പോഴാണ് എനിക്ക് ഓർമ്മ വന്നത് ആ ചെടി എന്നോട് എന്തോ സംസാരിക്കാൻ ശ്രമിക്കുന്നതായി തോന്നി. ഞാൻ നോക്കുമ്പോൾ അതിന്റെ ഇലകളെല്ലാം കാറ്റത്ത് പേർന്ന് പോകുന്നുണ്ടായിരുന്നു. രാമൻകുട്ടി ഒരു ബക്കറ്റ് കൊണ്ടുവന്ന് അതിനെ മൂടി. സൂര്യവെളിച്ചം ജനാലയിലൂടെ വന്ന് എന്റെ കണ്ണുകളിൽ തട്ടി ഞാൻ എഴുന്നേറ്റു. ഇന്നലത്തെ കാറ്റിൽ വീട്ടിലേക്ക് ചാഞ്ഞ് നിന്ന മാവിന്റെ ചില്ലകൾ ഒടിഞ്ഞു വീണു. വീടുമായി ബന്ധപ്പെട്ട് കിടക്കുന്ന

കാർഷെണ്ടിനരികിലാണ് വീണ കിടക്കുന്നത്.രാമൻകുട്ടി വീടിന്റെ പുറകിലേക്ക് പോയി കുറച്ച് പൂക്കൾ നശിച്ചു. ബക്കറ്റുകൊണ്ട് മൂടിയ ചെടിയുടെ ചില ഇലകൾ പേർന്ന് കിടക്കുന്നു. ഞാൻ അതിന് ഒരാഴ്ച്ചയോളം വെള്ളമൊഴിച്ച് കൊണ്ടിരുന്നു. ആ വാകത്തൈയുടെ ഇലകൾ പൊട്ടിമുളച്ച് വരുന്നു. ഞാൻ സന്തോഷത്തോടെ ഇരുന്നു. രണ്ട് വർഷം കഴിഞ്ഞു. രാമൻകുട്ടി മേനോന്റെ ശരീരം പഴയതിനെക്കാളും ചുക്കിചുളുങ്ങി. അയാളുടെ ഇടതുകൈ തളർന്നു. എന്നാലും അയാൾ മരത്തിന് വെള്ളമൊഴിച്ച് കൊണ്ടിരുന്നു. അയാളുടെ മകൻ കുറച്ച് ആളുകളുമായി സംസാരിക്കുന്നുണ്ടായിരുന്നു. മകൻ കൈയിൽ കുറച്ച് പേപ്പർ കൊടുക്കുന്നുണ്ടായിരുന്നു. മ അവിടന്ന് എഴുന്നേറ്റു. പുറകിലുള്ള തന്റെ മരത്തിന്റെ അടുത്ത് പോയി . വാക മരം നല്ല

ഉയരം വെച്ച ,ചിന്നു ഓടിവന്നു അവൾക്ക് പത്ത് വയസ്സായി.ഈ മേട മാസം അഞ്ചിന് പിറന്നാളാണ്. എന്റെ മകന്റെ ഭാര്യക്ക് എന്റെ അടുത്ത് ചിന്നു വന്നാൽ അവളുടെ അമ്മ

ദേശ്യത്തോടെ ചിന്നുവിനെ കൊണ്ടുപോവും. ചില സമയത്ത് അവളെന്റെ മകനോട് പറയും എന്റെ അടുത്ത് ചിന്നു വന്നാൽ അവൾക്കും രോഗം

പകരുമെന്ന്. ഒരു ദിവസം രാമൻകുട്ടി മേനോൻ തന്റെ കിടക്കുകയായിരുന്നു അപ്പോൾ മകനും

മരുമകളും വന്നു. ഞാൻ അന്തം വിട്ടു ഇത്രയും കാലം അവർ ഈ മുറിയിൽ

വന്നതേയില്ല.ചിലപ്പോൾ വരും പണ്ട്

ഗവൺമെന്റ് ജോലിയായിരുന്നു . റിട്ടേടായപ്പോൾ

മാസത്തിൽ ഇടെക്കിടെ പെൻഷെൻ വരും.

അപ്പോൾ മാത്രം അവർ വരും. അവർ വരുന്നത് എന്തിനാണെന്ന് എനിക്ക് മനസ്സിലാകും ആ പൈസ ഞാൻ കൊടുക്കും എനിക്ക് അത് പിശുക്കി വച്ചിട്ട് യാതൊരു പ്രയോജനവും ഇല്ല.

*സോപാനം -*

എവിക്ക് മൂന്ന് നേരം ഭക്ഷണം കിട്ടിയാൽ മതി വേറൊന്നും വേണ്ട കുറച്ച ദിവസം കഴിഞ്ഞപ്പോൾ എന്റെ മകൻ കുറച്ച് പേപ്പറും മഷിയും കൊണ്ട് വന്നു . അവൻ പറഞ്ഞു രാമൻകുട്ടി മേനോന്റെ വീടും സ്ഥലവും വിൽക്കാനാണെന്ന്. എന്റെ മനസ്സൊന്നു നൊന്തു എന്റെ ഭാര്യ ഉറങ്ങുന്ന മണ്ണ് , എന്റെ മകൻ ഓടികളിച്ച മണ്ണ് ഞാൻ പൊട്ടികരഞ്ഞു. ഞാൻ ഒരു കാര്യം അപേക്ഷിച്ച എനിക്കും കൂടി ഈ മണ്ണിൽ ഉറങ്ങാൻ സ്ഥലം തരുമൊ. അവൻ മിണ്ടാതെ മുറിയിൽ നിന്നും ഇറങ്ങിപ്പോയി. ഞാൻ എഴുന്നേറ്റ് അവന്റെ മുറിയിൽ പോയി എന്നിട്ട് ചോദിച്ച എന്തിനാ ഈ സ്ഥലം വിറ്റിട്ടെന്ന് അപ്പോൾ അവൻ പറഞ്ഞു ഇവിടെ ഒരു കോളാ ഫാക്റ്ററി തുടങ്ങുന്നു എന്നാണ് കുറച്ചാളുകൾ പറഞ്ഞത്. ഇതിനപ്പുറത്തൂടെ ഒഴുകുന്ന ആറിൽ നിന്ന് വെള്ളം ഉപയോഗിക്കാം എന്നാണ് ആ കമ്പനിക്കാർ പറഞ്ഞത്. അതിലൂടെ എനിക്ക്

അവിടെ മേനേജറായി ജോലി കിട്ടും, കുറേ പണവും കിട്ടും അതുകൊണ്ടാണ് ഞാൻ സമ്മദിച്ചത്. രാമൻകുട്ടി പറഞ്ഞു മോനെ പണം അത് എപ്പോൾ വേണമെങ്കിലും ഉണ്ടാവാം അതിനുവേണ്ടി നീ നിന്നെ നശിപ്പിക്കരുത് ഞാൻ പറയാനുള്ളത് പറഞ്ഞു .നിന്റെ സന്തോഷമാണ് എനിക്ക് വലുത്. രാമൻകുട്ടി അയാളുടെ മരത്തിന്റെ അടുത്തേക്ക് പോയി പറഞ്ഞു എടാ ഞാനും നിന്നേപ്പോലെ ഒറ്റപ്പെട്ടു ഇവിടെയുള്ള മരങ്ങളും ചെടികളും വെട്ടിനശിപ്പിക്കും നിന്നെയും വെട്ടും എനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. ഞാൻ എന്റെ മകനുവേണ്ടിയാണ് ഇത്രയും കാലം ജീവിച്ചത് അവനെന്തെങ്കിലും പനി വന്നാൽ ഇല്ലാത്ത കാശുണ്ടാക്കി ആശുപത്രിയിൽ കൊണ്ടുപോവും. നമ്മളെ പോലെയുള്ള മാതാപിതാക്കൾ മക്കൾക്ക് വേണ്ടിയാണ് ജീവിക്കുന്നത്. നീ നിന്റെ മകളെ പോലെ നോക്കുന്ന ഇലകൾ ഒന്ന് പോയാൽ , നിന്റെ

സങ്കടം എനിക്കാ മനസ്സിലാകും. എന്റെ മകനുവേണ്ടി ഞാൻ എന്തെങ്കിലും ചെയ്യണം, എനിക്ക് വളരെ സങ്കടമാണ് നിന്നെ വെട്ടികളഞ്ഞാൽ. രാമൻകുട്ടി മേനോൻ തന്റെ സ്ഥലങ്ങൾ എല്ലാം എഴുതികൊടുത്തു കുറച്ച ദിവസം കഴിഞ്ഞപ്പോൾ രാമൻകുട്ടിയെ മരുമകൾ നോക്കാതായി. ഈ ലോകത്ത് ഞങ്ങളെപോലെയുള്ള മാതാപിതാകൾക്ക് വീട്ടിൽ വില ഇല്ലാതാകുന്നത് നമ്മുടെ കയ്യിൽ ഒന്നും ഇല്ലാതാകുമ്പോഴാണ്. രാമൻകുട്ടിക്ക് വീട്ടിൽ ഒരു വിലയില്ലാതായി എന്റെ മരുമകൾക്ക് എന്നെ കാണുന്നത് തന്നെ വെറുപ്പായി തോന്നി. എന്റെ മകൻ എന്നെ കണ്ടതായിപോലും തോന്നിപ്പിക്കുന്നില്ല. ഇനിയിപ്പോൾ ഈ വീട്ടിൽ നിന്ന് ഇറങ്ങിപ്പോയാൽ ഇവർ സുകകരമായി ജീവിക്കുമെങ്കിൽ ജീവിക്കട്ടെ. രാമൻകുട്ടിയുടെ തൊടിയിലെ മരങ്ങൾ മിഷ്യൻ ഉപയോഗിച്ച് മുറിക്കാൻ തുടങ്ങി താൻ തന്റെ പെട്ടിയിൽ തുണിയാക്കി പുറത്തേക്ക് ഇറങ്ങി തന്റെ മരം

മുറിക്കാനായി മിഷ്യൻ ഓണാക്കി രാമൻകുട്ടി നിർത്താൻ പറഞ്ഞു രാമൻകുട്ടി പറഞ്ഞിട്ടും അവർ കേട്ടില്ല കുറച്ച് കഴിഞ്ഞപ്പോൾ അവർ മിഷ്യനിൽ പെട്രോള് നിറക്കാൻ തുടങ്ങി അപ്പോൾ അയാൾ ഒന്ന് ഓർത്തു പണിക്കാരുപോലും എന്റെ വാക്ക് കാതോർക്കുന്നില്ല തന്റെ പോക്കറ്റിലേക്ക് അവർ ശ്രദ്ധിച്ചു കാലിപോക്കറ്റാണെന്ന് മനസ്സിലായിക്കാണും. താൻ തന്റെ മരത്തെ നോക്കി കരഞ്ഞു അതിന്റെ വേരുകൾ കാലുകളായി തോന്നി . രാമൻകുട്ടി വേരുകളിൽ പിടിച്ച് കരഞ്ഞു ഒരു തെറ്റ് ചെയ്തു അതു കൊണ്ടാണ് താൻ കരഞ്ഞുതൊണ്ടിരിക്കുന്നത് തന്റെ മരത്തിൽ നിന്ന് ഒരു ഇലയുള്ള കൊമ്പൊടിച്ചു തന്റെ പെട്ടിയിലാക്കി നടക്കാൻ തുടങ്ങി. തനിക്കി ഇനി വിശ്രമിക്കണം താൻ കെട്ടിയ വീട്ടിൽ നിന്ന് ദൂരേക്കെവിടയൊ പോയി ചിന്നു തന്റെ വാതിൽക്കൽ നോക്കി നിന്നു. അപ്പൂപ്പൻ എപ്പഴാ വരുന്നതെന്ന് നോക്കി നിന്നു.




# തിത്തിത്തെയ്

തതത്ത തത്തമ്മ
താതാളം തരികിടതേറ്റം
തിതിലേകര തിരുന്നെറ്റ
തീ തീപ്പൊരി തൃക്കണ്ണീർ
തു തുബി തുള്ളാട്ടം
തുബപ്പൂവിന് ചാഞ്ജാട്ടം
തുവതുവുണ്ണാൻ വന്നാട്ടം
തുശനിലയിരുന്നാട്ടെ
തെയ്യം തെയ്യം നിറയാട്ടം
തേനെ നവ് തീയാട്ടം
തൈ തിത്തെയ് തെത്തിത്തോം

***തോം താര തിത്തിത്തെയ്***

*സോപാനം -*

# സ്നേഹത്തിന്റെ വില അറിയുമ്പോഴെക്കും നഷ്ടപ്പെട്ടുപോയത്....

ഒരു കൊച്ചു ഗ്രാമത്തിൽ വസിക്കുന്നവരുടെ കഥയാണിത്......

ഒരു ദിവസം ഒരു വീട്ടിൽ നിന്ന് ബഹളം കേട്ടു. ഗ്രാമവാസസികൾ എന്തെന്ന് അന്വേഷിക്കാൻ പുറപ്പെട്ടില്ല. എന്തെന്നാൽ ദിവസവും കേൾക്കുന്ന ബഹളമാണിത്. ആ ബഹളം കേട്ട് സഹിക്കാൻ ഗ്രാമവാസികൾ തയ്യാറായില്ല. അവർ സഹിക്കാൻ വയ്യാതായപ്പോൾ കാര്യം തിരക്കാൻ പോയി. എന്താ അവിടെ നടന്നതെന്നാൽ മകൾ അമ്മ പറഞ്ഞതൊന്നും അനുസരിക്കുന്നില്ല എന്നതായിരുന്നു. ഇത് കേട്ട ഗ്രാമവാസികൾ പൊട്ടിച്ചിരിച്ചു. അതിനുശേഷം ആ ഗ്രാമവാസികൾ ആ കുട്ടിയെ പറഞ്ഞ്മനസിലാക്കിപിക്കാൻ ഷ്രമിച്ചെങ്കിലും അത് നടന്നില്ല. ഗ്രാമവാസികൾക്ക് പോലും അവളെ വെറുത്തു. പിന്നെ കുടുംബത്തിനും. ആ അമ്മ വയ്യാത്ത അമ്മയായിരുന്നു എന്ന്

മനസ്സിലാക്കാനൊ ചിന്തക്കാനൊ ആ പെൺകുട്ടിക്ക് കഴിഞ്ഞില്ല. കുറേകാലം ഈ കാര്യം അവൾ പിൻതുടർന്നുകൊണ്ടിരുന്നു. അവൾക്ക് അച്ഛനില്ല. ആ വിശമം പോലും മനസ്സിലാക്കാത്തവളാണൊ അമ്മയുടെ വേദനയും വിശമവും മനസ്സിലാക്കാൻ പോകുന്നത് എന്ന് പറഞ്ഞു നടന്നു ഗ്രാമവാസികൾ. ഒന്നും പറഞ്ഞാൽ അനുസരിക്കാത്തവൾ ഏവർക്കും ശത്രുവായി തീർന്നു അമ്മയൊഴിച്ച്. അമ്മയ്ക്ക് സാധിക്കില്ലല്ലൊ മകളെ വെറുക്കാൻ. അപ്പോഴും അവൾ മനസ്സിലാക്കിയ്ല്ല. പിന്നീട് ഒരു ദിവസം അവളുടെ അമ്മക്ക് വയ്യാതായി. അപ്പോൾ ഗ്രാമവാസികൾ ആശുപത്രിയിലേക്ക് കൊണ്ടുപോയി,സീരിയസ്സായിരുന്നു. അവൾ അതൊന്നും കാര്യമാക്കിയില്ല. തന്റെ അമ്മ ദൈവത്തിന്റെ അടുത്ത് പോയി എന്ന് പറഞ്ഞപ്പോൾ ഒരു കുസലുമില്ലാതെ കുറച്ച് നേരം കരഞ്ഞിട്ട് കുട്ടികളോടൊപ്പം കളിക്കാൻ പോയി. അവർക്കത് സഹിച്ചില്ല. ദേഷ്യം വന്നിട്ട് അവളെ ചീത്തപറഞ്ഞു. അപ്പോൾ കുട്ടി ചിന്തിച്ച എന്റെ അമ്മ

ഉണ്ടായിരുന്നെങ്കിൽ എന്ന്. എല്ലാവരും അവളെ ദ്രോഹിക്കാൻ തുടങ്ങി. അപ്പോഴാണ് ആ പെൺകുട്ടിക്ക് അമ്മയുടെ വില വമനസ്സിലായത്.

ഷംന (9.എ)


## വരകളുടെ ജാലകം








MOWGLI
By,
Archana-S
VI-B
H.S.S. Kuthanur.


LEOPARD
By
Archana-S
VI-B
H.S.S. Kuthanur.

സോപാനം -










സോപാ


ARUN.V
V th .C
higher Secondry
School kuthanur.








സോപാനം -


Thank You

little KITEs

സോപാനം -